കോളേജ് അദ്ധ്യാപക നിയമനം

* 7. [85] ശ്രീ. എ. സി. ഷൺമുഖദാസ് :
,, കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആർട്സ് ആൻറ് സയൻസ് കോളേജുകളിൽ അദ്ധ്യാപക നിയമനത്തിനുള്ള റിക്രൂട്ട്മെൻറ് രണ്ടുതരത്തിൽ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) രണ്ടുതരത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് സർവ്വകലാശാലാ ചട്ടങ്ങൾ അനുവദിക്കുന്നുണ്ടോ ;

(സി) പബ്ളിക് സർവീസ് കമ്മീഷന്റെ അംഗീകാരം വാങ്ങിയിട്ടാണോ സർക്കാർ ഈ തീരുമാനം എടുത്തത് ; വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) :

(എ) ഉണ്ട്.

(ബി) സർവകലാശാലാ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർവ്വകലാശാലകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) പബ്ലിക് സർവീസ് കമ്മീഷന്റെ മുൻകൂർ അനുവാദം വാങ്ങിയിരുന്നില്ല. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ സ്പെഷ്യൽ റൂൾസിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമ്പോൾ പബ്ലിക് സർവീസ് കമ്മീഷന്റെ അംഗീകാരം വാങ്ങുന്നതാണ്. യു. ജി. സി. സ്കീം നടപ്പിലാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചപ്പോൾത്തന്നെ പ്രീ-ഡിഗ്രി സർവ്വകലാശാലാ വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലെന്നും പ്രീ-ഡിഗ്രി വിഭാഗത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് യു. ജി. സി. സ്കീം ബാധകമല്ലെന്നും വ്യക്തമാക്കിയിരുന്നു. 23-3-1990-ലെ ജി. ഒ. (എം. എസ്.) നമ്പർ 76/90/ഉ. വി. പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ പ്രീ-ഡിഗ്രി വിഭാഗത്തിലേക്ക് നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ഡിഗ്രി ക്ലാസുകൾ എടുക്കാൻ അർഹതയുണ്ടായിരിക്കയില്ലെന്നും ഈ വിഭാഗം അദ്ധ്യാപകരുടെ യോഗ്യതകളും നിയമന രീതിയും സേവന വ്യവസ്ഥകളും സർക്കാർ പിന്നീട് തീരുമാനിക്കുന്നതാണെന്നും ഉത്തരവിൽ പറഞ്ഞിരുന്നു. അതിൻപ്രകാരമാണ് 12-2-1996-ൽ പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

ഗ്രാമീണ ആരോഗ്യസംരക്ഷണത്തിനും ശുചിത്വ പരിപാലനത്തിനും പദ്ധതി

* 8. [86] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ ആരോഗ്യ സംരക്ഷണത്തിനും ശുചിത്വ പരിപാലനത്തിനുമായി അഞ്ചുലക്ഷം രൂപയുടെ പദ്ധതിക്ക് ഗ്രാമവികസന വകുപ്പ് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതി എന്നുമുതൽ നടപ്പാക്കി ;

(സി) പദ്ധതിപ്രകാരം ഓരോ ജില്ലയിലും മാതൃകാഗ്രാമമായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങൾ ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഗ്രാമങ്ങളിലെ നിർദ്ധനരായ ഗ്രാമീണർക്ക് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഈ പദ്ധതിയുടെ പ്രയോജനം എത്ര കുടുംബങ്ങൾക്ക് ലഭിച്ചു ;

(എഫ്) പദ്ധതിക്ക് ഇതുവരെയായി ചെലവായ തുക എത്രയെന്ന് വ്യക്തമാക്കാമോ ?

വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ) :

(എ) ഗ്രാമീണ ആരോഗ്യ സംരക്ഷണത്തിനും ശുചിത്വ പരിപാലനത്തിനുമായി അഞ്ചുലക്ഷം രൂപ മാത്രം അടങ്കൽതുക വരുന്ന പദ്ധതിക്ക് ഗ്രാമവികസനവകുപ്പ് രൂപം നൽകിയിട്ടില്ല. എന്നാൽ ഗ്രാമീണ ശുചിത്വ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി എന്ന ഒരു ബൃഹത്തായ പദ്ധതി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കിവരുന്നുണ്ട്. ഇതിനായി നാലുകോടി രൂപയാണ് ഈ വർഷം ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്.

(ബി) കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി 1885-86 മുതൽ നടപ്പാക്കി വരുന്നുണ്ട്.

(സി) ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് പഞ്ചായത്ത്, കൊല്ലം ജില്ലയിലെ ശൂരനാട് നോർത്ത്, പടിഞ്ഞാറെ കല്ലട, കിളികൊല്ലൂർ പഞ്ചായത്തുകൾ, ഇടുക്കി ജില്ലയിലെ വണ്ടൻമേട് പഞ്ചായത്ത് കോഴിക്കോട് ജില്ലയിലെ തിക്കോടി, തുറയൂർ പഞ്ചായത്തുകൾ എന്നിവയാണ് മാതൃകാ ഗ്രാമങ്ങളായി തെരഞ്ഞെടുത്ത സമ്പൂർണ്ണ ശുചിത്വ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗ്രാമീണർക്ക് സ്വന്തമായി കക്കൂസ് നിർമ്മിക്കുന്നതിന് കക്കൂസ് ഒന്നിന് 2,000 രൂപയും കിണറിന് ചുറ്റുമതിൽ കെട്ടുന്നതിന് 1,200 രൂപ വരെയും ധനസഹായം നൽകാൻ വ്യവസ്ഥയുണ്ട്.

(ഇ) കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടിയുടെ പ്രയോജനം ഇതുവരെ 44429 കുടുംബങ്ങൾക്ക് ലഭിച്ചിട്ടുണ്ട്.

(എഫ്) 891.47 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുനർ നിർണ്ണയം ചെയ്യുവാൻ നടപടി

* 9. [87] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം പുനർനിർണ്ണയം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ക്ലാസുകളിൽ കുട്ടികളുടെ എണ്ണം കൂടുന്നതുകൊണ്ട് വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറയുന്നതായിട്ടുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിൻമേൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly